നിയന്ത്രണ ബോർഡ് പഠന വിധേയമാക്കിയിട്ടുണ്ട്. 1996-1997 കാലയളവിൽ ഭാരതപ്പുഴ നേരിടുന്ന മലിനീകരണ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭാരതപ്പുഴ റിവർ ആക്ഷൻ പ്ലാനിന്റെ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി 1997-ൽ കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതിക്കും, സാമ്പത്തിക സഹായത്തിനുമായി സമർപ്പിച്ചിരുന്നു. പ്രസ്തുത നദി ഉൾപ്പെടെ പത്ത് നദികളുടെ സംരക്ഷണത്തിനായി സമർപ്പിച്ച ആക്ഷൻ പ്ലാനിൽ, പമ്പ ആക്ഷൻ പ്ലാനിന് മാത്രമാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഭാരതപ്പുഴയെ മാലിന്യവിമുക്തമാക്കുന്നതിനായി 300 കോടി രൂപ മതിപ്പ് ചെലവ് വരുമെന്നാണ് 1997-ൽ കണക്കാക്കിയിരുന്നത്. വൃഷ്ടിപ്രദേശത്തുള്ള പട്ടണങ്ങളിൽനിന്നും ശുദ്ധീകരിക്കാതെ നിർമ്മാർജ്ജനം ചെയ്യുന്ന സ്വീവേജ്, ഗാർഹിക മലിനജലം, ആശുപത്രികൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ പുഴയിൽ തള്ളുന്നതിനാലും വേനൽക്കാലത്ത് പുഴയിലെ നീരൊഴുക്ക് വളരെയധികം കുറയുന്നതിനാലും മലിനീകരണത്തിന് ഇടയാകുന്നു. വ്യവസായ ശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നിഷ്കർഷിച്ചിട്ടുണ്ട്. ഭാരതപ്പുഴ റിവർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനായി 1997-ൽ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്രം അംഗീകരിച്ചില്ല. കേന്ദ്ര സർക്കാരിന്റെ ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ഭാരതപ്പുഴ റിവർ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ കഴിയുകയുള്ളു. ആകയാൽ സംസ്ഥാന സർക്കാരിനു മാത്രമായി ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാമ്പത്തിക സ്ഥിതിയില്ല. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനും, ഫണ്ടിന്റെ ലഭ്യതയ്ക്കുമനുസരിച്ച് ഭാരതപ്പുഴ റിവർ ആക്ഷൻ പ്ലാൻ ഏറ്റെടുക്കാവുന്നതാണ്.

(10) കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തി ലോകബാങ്കിന്റെ സഹായത്തോടെ ആരംഭിച്ച പാലങ്ങളുടെയും ജലപാതകളുടെയും നിർമ്മാണം

ശ്രീ. തോമസ് ചാഴികാടൻ: വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഞാൻ പറയുന്നത്. ലോകബാങ്കിന്റെ സഹായത്തോടുകൂടി കെ.എസ്.ടി.പി.-ൽ ഉൾപ്പെടുത്തി കോട്ടയം ആലപ്പുഴ ജില്ലകളിലെ കനാലുകൾ വികസിപ്പിച്ച് ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന 61 കോടി രൂപയുടെ പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കോട്ടയം-വൈക്കം, കോട്ടയം-ആലപ്പുഴ, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതകളാണ് ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കുന്നത്. ഇതിനോടനുബന്ധിച്ച് ഇരുപതിലധികം വലുതും ചെറുതുമായ പാലങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുണ്ട്. വളരെ പ്രതീക്ഷയോടെ 2003 സെപ്റ്റംബറിൽ ടെന്റർ ചെയ്ത് നിർമ്മാണം ആരംഭിച്ച ജോലികൾ 2005 സെപ്റ്റംബറിൽ പൂർത്തിയാക്കണമെന്നാണ് നിബന്ധന. എന്നാൽ പ്രധാനമായും കോൺട്രാക്ടറുടെ അനാസ്ഥമൂലം ഈ ജോലികൾ ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. കനാലുകളുടെ വീതികൂട്ടൽ, ആഴം കൂട്ടൽ, തീരസംരക്ഷണം ഇതുമായി ബന്ധപ്പെട്ട നിർമ്മാണ ജോലികൾ, ബോട്ട്ജെട്ടികളുടെ നിർമ്മാണം അതൊന്നും ഇപ്പോൾ നടക്കുന്നില്ല. അതോടൊപ്പം നിർമ്മാണം ആരംഭിച്ച പാലങ്ങളുടെ പണിയും സ്തംഭനാവസ്ഥയിലാണ്. എന്റെ നിയോജക മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന തിരുവാറ്റ അതുപോലെ ആർപ്പൂക്കര പഞ്ചായത്തിലെ കൈതപ്പാടം തുടങ്ങിയ പാലങ്ങൾ വീതികൂട്ടി പണിയുന്നതിനുവേണ്ടി പൊളിച്ചുമാറ്റിയ പാലങ്ങളുടെ നിർമ്മാണവും ആരംഭിച്ചിട്ട് ഇപ്പോൾ 15 ദിവസം കഴിഞ്ഞു. അതിന്റെ പണിയും ഇപ്പോൾ നടക്കുന്നില്ല. പുതിയ പാലങ്ങളുടെ നിർമ്മാണം പൂർത്തിയാകാത്തതുകൊണ്ട്, നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾ നഷ്ടപ്പെട്ട ആ പ്രദേശത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. അവർ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സമരം നടത്തി. അതിന്റെ ഉദ്ഘാടനം ചെയ്യാൻ ഞാൻ തന്നെ പോകേണ്ടിയും വന്നു. ആ സാഹചര്യത്തിൽ കെ. എസ്. ടി. പി. യിൽ ഉൾപ്പെടുത്തി ആരംഭിച്ച കോട്ടയം-വൈക്കം, കോട്ടയം-ആലപ്പുഴ, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതകളുടെ നവീകരണവും തിരുവാറ്റ, കൈതപ്പാടം, പുലിക്കുട്ടിശ്ശേരി, പ്രാപ്പുഴ, കാഞ്ഞിരം തുടങ്ങിയ പാലങ്ങളുടെ നിർമ്മാണവും ഈ സീസണിൽ തന്നെ അടിയന്തിരമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : ലോകബാങ്കിന്റെ സഹായത്തോടെ കെ. എസ്. ടി. പി.-ൽ ഉൾപ്പെടുത്തി ചെയ്യുന്ന പണികൾക്ക് ലോകബാങ്കിന്റെ നിബന്ധന പ്രകാരം ടെന്റർ ക്ഷണിക്കുകയും ടെന്റർ 'ഭഗീരഥ എൻജിനീയറിംഗ് ലിമിറ്റഡ്' എന്ന കമ്പനിക്ക് നൽകുകയും ചെയ്തു. കരാർ തുക 61 കോടി രൂപയാണ്. പണികൾ തീർക്കേണ്ട കാലാവധി 24 മാസമാണ്. എന്നാൽ പ്രസ്തുത പണികൾക്ക് വേണ്ടത്ര പുരോഗതി ഉണ്ടാകാത്തതിനാൽ പണി പുരോഗമിപ്പിക്കാൻ കോൺട്രാക്ടർക്ക് നോട്ടീസ് കൊടുത്തിരുന്നു. എന്നിട്ടും പണിയുടെ പുരോഗതി തൃപ്തികരമല്ലെന്ന് കണ്ടതിനാൽ കരാർ അവസാനിപ്പിക്കാൻ കൺസൾട്ടൻസി ശുപാർശ ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കോൺട്രാക്ടറും കൺസൾട്ടൻസിയും ഉൾപ്പെടെ ബന്ധപ്പെട്ടവരുടെ ഒരു മീറ്റിംഗ് ചീഫ് എൻജിനീയർ (കെ. എസ്. ടി. പി.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചുകൂട്ടുകയും പണികൾ കരാർ പ്രകാരമുള്ള സമയത്തുതന്നെ പൂർത്തീകരിക്കാമെന്ന കോൺട്രാക്ടറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കരാറ് റദ്ദ് ചെയ്യാനുള്ള ശുപാർശ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. പണികൾ ഇപ്പോൾ തൃപ്തികരമായി പുരോഗമിക്കുന്നുണ്ട്. തിരുവാറ്റ, കൈതപ്പാടം, ആർപ്പൂക്കര, പ്രാപ്പുഴ എന്നീ പാലങ്ങളുടെ പണി ഇപ്രകാരമാണ്. തിരുവാറ്റ പാലത്തിന്റെ pile കളുടേയും, abutment കളുടേയും പണികൾ തീർന്നു. പാലത്തിന്റെ സ്ലാബുകൾക്കുവേണ്ടിയുള്ള കമ്പി കെട്ടുന്ന പണികൾ പുരോഗമിക്കുന്നു. മേയ് മാസത്തോടുകൂടി പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൈതപ്പാടം-ആർപ്പൂക്കര പാലത്തിന്റെ pile കളുടേയും, abutment കളുടേയും പണികൾ തീർന്നു. പാലത്തിന്റെ കമ്പികെട്ടുന്ന പണി പുരോഗമിച്ച് വരികയാണ്. മാർച്ച് മാസത്തിൽതന്നെ ഈ പാലത്തിന്റെ സ്ലാബ് കോൺക്രീറ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പ്രാപ്പുഴ നടപ്പാലത്തിന്റെ പൈലുകളുടേയും പൈൽ ക്യാപ്പിന്റേയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പണികൾ അടിയന്തിരമായി തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(11) പെരുമ്പാവൂരിൽ എൻ. ജി. ഒ. ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച്.

ശ്രീ. സാജുപോൾ: പെരുമ്പാവൂരിൽ നിർമ്മിച്ചിട്ടുള്ള എൻ. ജി. ഒ. ക്വാർട്ടേഴ്സ് ഉദ്ഘാടനം ചെയ്ത് നാല് വർഷം കഴിഞ്ഞിട്ടും ജീവനക്കാർക്ക് കൊടുത്തിട്ടില്ല. കെട്ടിടം പണിതത് ഹൗസിംഗ് ബോർഡാണ്. ഇപ്പോൾ പി. ഡബ്ല്യൂ. ഡി. യുടെ കൈവശമാണിരിക്കുന്നത്. ശിലാഫലകമാനിയ ബാധിച്ച ചിലർ ഉദ്ഘാടനജ്വരം മൂത്ത് നാല് കൊല്ലം മുൻപ് മുഴുവൻ സൗകര്യങ്ങളും ഏർപ്പെടുത്താതെ ഉദ്ഘാടനം നടത്തി. സർ, പുസ്തകങ്ങളിലിരിക്കുന്ന വിദ്യയും അന്യന്റെ കൈവശമിരിക്കുന്ന പണവും അർഹരായവർക്ക് ലഭിക്കാത്ത സൗകര്യങ്ങളും ഒരുപോലെയാണ്. അതുകൊണ്ട് അടിയന്തിരമായി 42 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന എൻ. ജി. ഒ. ക്വാർട്ടേഴ്സ് ജലവിതരണ സംവിധാനവും വൈദ്യുതി സൗകര്യങ്ങളും ഏർപ്പെടുത്തി ജീവനക്കാർക്ക് കൈമാറാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* പെരുമ്പാവൂരിലെ എൻ.ജി.ഒ. ക്വാർട്ടേഴ്സ് കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നിർമ്മിച്ച് 27-1-2003-ൽ പൊതുമരാമത്തിന് കൈമാറുക ഉണ്ടായി. ക്വാർട്ടേഴ്സ് പൊതുമരാമത്തിന് കൈമാറിയപ്പോൾ വേണ്ടത്ര ജലവിതരണ സംവിധാനം ഹൗസിംഗ് ബോർഡ് ഏർപ്പെടുത്തിയിരുന്നില്ല.